ദേശീയം

# മുസ്‌ലിം പ്രീണനത്തിന് കൂറ്റൻ റാലികൾ

**ഈ** വർഷാവസാനം നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ബീഹാറിൽ വിവിധ കക്ഷികളുടെ നേതൃത്വത്തിൽ മുസ്‌ലിം പ്രീണന റാലികളും സമ്മേളനങ്ങളും പൊടിപൊടിക്കുന്നു. നഷ്ടപ്പെട്ട ഭരണം തിരിച്ചുപിടിക്കാൻ വീണ്ടും മുസ്‌ലിം പ്രശ്നങ്ങൾ ഉയർത്തി പാസ്വാൻ–ലാലു ടീം ഒരു വശത്തും മുസ്‌ലിം ക്ഷേമപദ്ധതികൾ തങ്ങളുടെ ബാധ്യതയാണെന്ന് പ്രഖ്യാപിച്ച് മുഖ്യമന്ത്രി നിതീഷ്കുമാർ മറുവശത്തും. ലാലുപ്രസാദ് യാദവ് വനിതാ സംവരണ ബില്ലിനെതിരായി നടത്തിയ 'വീരോചിത പോരാട്ട'ങ്ങൾ പോലും ബീഹാറിലെ കസേര കണ്ടാണെന്ന് വിലയിരുത്തപ്പെടുന്നുണ്ട്.

വരാൻപോകുന്ന ബീഹാർ സർക്കാറിന്റെ താക്കോൽ മുസ്‌ലിംകളുടെ കൈയിലാണെന്നാണ് എൻ.ജെ.പി സംഘടിപ്പിച്ച മുസ്‌ലിം റാലി ഉദ്ഘാടനം ചെയ്തുകൊണ്ട് രാം വിലാസ് പാസ്വാൻ പറഞ്ഞത്. ചരിത്രപ്രസിദ്ധമായ ഗാന്ധിമൈതാനിൽ നടന്ന റാലിയിൽ ആയിരക്കണക്കിനാളുകൾ തടിച്ചുകൂടി. പാർലമെന്റിൽ ശബ്ദമുയർത്തിയും തെരുവിലറങ്ങിയുമാണ് അവകാശ പോരാട്ടം നടത്തേണ്ടത്. സിമി നിരോധം പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തങ്ങൾ അധികാരത്തിൽ വന്നാൽ മുസ്‌ലിംകൾക്ക് 10 ശതമാനം സംവരണം നൽകുമെന്ന് പാർട്ടി വൈസ് പ്രസിഡന്റ് അഹ്മദ് അഷ്ഫാഖ് കരീം പറഞ്ഞു.

പാസ്വാന്റെ റാലി കഴിഞ്ഞ് രണ്ട് ദിവസത്തിനകം അതേ സ്ഥലത്ത് ബീഹാർ ന്യൂനപക്ഷ കമീഷന്റെ ആഭിമുഖ്യത്തിൽ മുഖ്യമന്ത്രി നിതീഷ് കുമാർ ന്യൂനപക്ഷ ക്ഷേമ ബോധവൽക്കരണ സമ്മേളനം നടത്തി. ഇതിലും ആയിരക്കണക്കിനാളുകൾ പങ്കെടുത്തു. മുസ്‌ലിംകൾക്ക് വേണ്ടി പ്രവർത്തിക്കുന്നത് കടമയാണെന്നും പ്രീണനമല്ലെന്നും നിതീഷ് കുമാർ പറഞ്ഞു. പട്ടികജാതി–പട്ടികവർഗ ആനുകൂല്യങ്ങൾ മുസ്‌ലിംകൾക്ക് കൂടി ലഭ്യമാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മുസ്‌ലിംകൾക്ക് വേണ്ടി തന്റെ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എണ്ണിപ്പറഞ്ഞ നിതീഷ്കുമാർ അവ പൂർത്തീകരിക്കാൻ ഒരിക്കൽ കൂടി അവസരം നൽകണമെന്നും അഭ്യർഥിച്ചു. നിരവധി മുസ്‌ലിം പണ്ഡിതന്മാരും സമ്മേളനത്തിൽ പങ്കെടുത്തു.

# ഔദ്യോഗിക ഹജ്ജ് സംഘത്തിന്റെ പേരിൽ ധൂർത്ത്

**ഓരോ** വർഷവും ഇന്ത്യയിൽ നിന്നയക്കുന്ന ഔദ്യോഗിക ഹജ്ജ് സംഘത്തിന് വേണ്ടി ലക്ഷങ്ങൾ ഖജനാവിൽനിന്ന് ചെലവഴിക്കപ്പെടുന്നതായി റിപ്പോർട്ട്. ഔദ്യോഗിക സംഘത്തിലെ ആളൊന്നിന് 8 മുതൽ 13 ലക്ഷം രൂപവരെയാണ് ചെലവെന്ന് ജാമിഅ മില്ലിയ ഇസ്‌ലാമിയയിലെ വിദ്യാർഥി അഫ്റോസ് ആലം സാഹിൽ നൽകിയ വിവരാവകാശ ഹർജിക്കു മറുപടിയായി സർക്കാർ അറിയിച്ചു. ഔദ്യോഗിക സംഘത്തിലേക്ക് ആളുകളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം അന്വേഷിച്ചെങ്കിലും സർക്കാർ ഉത്തരം നൽകിയിട്ടില്ല. 30നു 40നും ഇടക്ക് ആളുകളാണ് ഓരോ വർഷവും ഇത്തരത്തിൽ ഹജ്ജ് നിർവഹിക്കുന്നത്.

രാഷ്ട്രീയക്കാർ, മാധ്യമപ്രവർത്തകർ എന്നിവർക്കാണ് മിക്കവാറും മുൻഗണന ലഭിക്കുന്നത്. മത–സാമൂഹിക നേതാക്കളെയും ചിലപ്പോൾ പരിഗണിക്കാറുണ്ട്. ഒന്നിലേറെ തവണ 'ഔദ്യോഗിക ഹജ്ജ്' നിർവഹിച്ചവർ പലരുമുണ്ട്. 2000ലും 2004ലും 2006ലും ഹജ്ജ് ചെയ്ത കേന്ദ്രമന്ത്രി ഇ. അഹ്മദാണ് കൂട്ടത്തിൽ മുമ്പൻ. സയ്യിദ് ഷാനവാസ് ഹുസൈൻ, ബി.ജെ.പി (2), അഹ്മദ് സയീദ് മലീഹാബാദി, എം.പി (2), ഷഫീഖുർറഹ്മാൻ ബർഖ് എം.പി (2), ലുഫുതുർറഹ്മാൻ ലശ്കർ ഐ.എ.എസ് (2) എന്നിങ്ങനെയാണ് മറ്റു പ്രമുഖരുടെ യാത്രകൾ.

## അലീഗഢ് കേന്ദ്രം വേണമെന്ന് ആസാമും

**അലീഗഢ്** മുസ്‌ലിം സർവകലാശാലയുടെ കേന്ദ്രം ആസാമിൽ തുറക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സർവകലാശാല അധികൃതർക്കും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിനും കത്തയച്ചു. നിലവിൽ ബംഗാളിലും കേരളത്തിലുമാണ് 25 കോടി ചെലവ് വരുന്ന കേന്ദ്രങ്ങൾക്ക് ഒരുക്കം നടക്കുന്നത്. ബീഹാർ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നിവിടങ്ങളിലും ഇതേ പദ്ധതിയുണ്ട്. ബീഹാറിൽ ഇതിനായി 250 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയിട്ടുണ്ടെന്ന് സർവകലാശാല അധികൃതർ അറിയിച്ചു.

## പേഴ്സണൽ ലോ ബോർഡ് യോഗം ലക്നോവിൽ

**ആൾ** ഇന്ത്യാ പേഴ്സണൽ ലോ ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗവും ഓപൺ ഹൗസും മാർച്ച് 19–21 തീയതികളിൽ ലക്നോവിൽ നടക്കും. എക്സിക്യൂട്ടീവ് യോഗം ദാറുൽ ഉലൂം നദ്‌വയിലും ഓപൺഹൗസ് ഐഷ്ബാഗ് ഈദ് ഗാഹിലുമാണ് നടക്കുക.

മുസ്‌ലിം യുവാക്കൾക്കും സ്ത്രീകൾക്കും ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ച വ്യക്തമായ കാഴ്ചപ്പാട് നൽകുന്ന മാർഗനിർദേശങ്ങൾ യോഗത്തിൽ തയാറാക്കുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറി മൗലാനാ ഖാലിദ് റഷീദ് ഫാറംഗി അറിയിച്ചു. മുത്തലാഖിനെക്കുറിച്ച് വ്യക്തവും ലളിതവുമായ നടപടിക്രമങ്ങൾ യോഗം നിർദേശിക്കും. ഇസ്‌ലാമിക തത്വങ്ങൾക്കെതിരായും ദാറുൽഖദാകൾക്കെതിരായും വന്ന നിരവധി കോടതിവിധികൾ യോഗം ചർച്ച ചെയ്യും. വർഗീയ കലാപ നിയന്ത്രണബിൽ, ലിബർഹാൻ കമീഷൻ റിപ്പോർട്ട്, ബാബരി കേസ് എന്നിവയും ചർച്ചക്കു വരും. അഗതികളായ മുസ്‌ലിം വനിതകൾക്കു വേണ്ടി പ്രത്യേക ഫണ്ട് രൂപവത്കരിച്ച് അവർക്ക് നിയമ പരിരക്ഷ നൽകുന്നതിനെക്കുറിച്ച് ആലോചിക്കും.

യോഗത്തിൽ ബോർഡിന്റെ പുതിയ അധ്യക്ഷനെ തെരഞ്ഞെടുക്കും. നിലവിൽ മൗലാനാ റാബിഅ് നദ്‌വിയാണ് അധ്യക്ഷൻ. മൗലാനാ സാലിം ഖാസിമി ദയൂബന്ദ്, മൗലാനാ കൽബെ സാദിഖ്, മൗലാനാ ഫഖ്റുദ്ദീൻ കിച്ചൗമി, മൗലാനാ സഈദ് കാക്കി എന്നിവർ വൈസ് പ്രസിഡന്റുമാരും മൗലാനാ നിസാമുദ്ദീൻ ജന. സെക്രട്ടറിയുമാണ്. 251 അംഗങ്ങളാണ് ബോർഡിലുള്ളത്.

### തമിഴ്നാട് വിവാഹ രജിസ്ട്രേഷൻ ആക്ട്

## മുസ്‌ലിം നേതാക്കൾ മന്ത്രിയെ സന്ദർശിച്ചു

**തമിഴ്നാട്** വിവാഹ രജിസ്ട്രേഷൻ ആക്ടി(2009) നെക്കുറിച്ച് സമുദായത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും അറിയിക്കുന്നതിന് മുസ്‌ലിം നേതാക്കൾ നിയമ മന്ത്രി ദുരൈ മുരുകനെ സന്ദർശിച്ചു. എല്ലാ വിഭാഗം മുസ്‌ലിം നേതാക്കളുമായി ചർച്ച നടത്തിയതിനുശേഷമേ ആക്ട് നടപ്പിലാക്കൂ എന്ന് മന്ത്രി അറിയിച്ചു. മുസ്‌ലിംലീഗ്, ജമാഅത്തെ ഇസ്‌ലാമി, ടി.എം.എം.കെ, ബോർഡ് ഓഫ് ജമാഅത്തുൽ ഉലമ, നാഷനൽ ലീഗ്, മുസ്‌ലിം സോഷ്യൽ മൂവ്മെന്റ്, ഇന്ത്യൻ തൗഹീദ് ജമാഅത്ത്, മറുമലർച്ചി മുസ്‌ലിംലീഗ്, മക്കൾ ജനനായക കച്ചി, മുസ്‌ലിം ലോ അക്കാദമി തുടങ്ങിയ സംഘടനകളുടെ നേതാക്കൾ സംഘത്തിലുണ്ടായിരുന്നു.

### ജമ്മു-കശ്മീരിൽ 4.5 ലക്ഷം അഭ്യസ്തവിദ്യർ തൊഴിൽ രഹിതർ

**4.5** ലക്ഷം അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരാണ് സംസ്ഥാനത്തെ വിവിധ ഏജൻസികളിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് സംസ്ഥാന അധികൃതർ അറിയിച്ചു. മൊത്തം 4,66,770 പേരാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ കശ്മീരികൾ 2,51,048 ഉം ജമ്മുവിൽ നിന്നുള്ളവർ 2,15,722ഉം ആണ്. ഏറ്റവും കൂടുതൽ തൊഴിൽ രഹിതരുള്ള ജില്ല കശ്മീരിലെ ശ്രീനഗർ ആണ്. തൊട്ടുതാഴെ ജമ്മുവിലെ ദോദ ജില്ലയും. ലെഹ് ആണ് ഏറ്റവും കുറഞ്ഞ തൊഴിൽ രഹിതരുള്ള ജില്ല; 559.

കശ്മീരിലെ തൊഴിൽ പ്രശ്നം പരിഹരിക്കുന്നതിന് ശേരെ കശ്മീർ തൊഴിൽ–ക്ഷേമ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടെന്ന് അധികൃതർ പറഞ്ഞു.

## ഇസ്‌ലാമിനെക്കുറിച്ച തെറ്റിദ്ധാരണകൾ നീക്കാൻ കേന്ദ്രം

ഇസ്‌ലാമിനെക്കുറിച്ച് പ്രചരിക്കുന്ന തെറ്റിദ്ധാരണകൾ നീക്കാനും യുവാക്കൾക്ക് ഇസ്‌ലാമികാധ്യാപനങ്ങൾ നൽകാനും ഉതകുന്ന ഒരു കേന്ദ്രം ആരംഭിക്കുമെന്ന് ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് നേതാവും രാജ്യസഭാ എം.പിയുമായ മൗലാനാ മഹ്മൂദ് മദനി അറിയിച്ചു. 'ഭീകരത–ഇന്ത്യൻ പണ്ഡിതരുടെ പ്രതികരണം' എന്ന വിഷയത്തിൽ വിവേകാനന്ദ ഇന്റർനാഷ്നൽ ഫൗണ്ടേഷനിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഈ കേന്ദ്രത്തിലൂടെ യുവാക്കളുടെ നേതൃ–കർമശേഷികൾ വികസിപ്പിക്കാനും പദ്ധതിയുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

### പ്രവാചകാക്ഷേപം

## രണ്ട് പുസ്തകങ്ങൾ നിരോധിച്ചു

**പ്രവാചകനെ** സംബന്ധിച്ച് ആക്ഷേപാർഹമായ പരാമർശങ്ങൾ പ്രസിദ്ധീകരിച്ചതിനാൽ ഉത്തർപ്രദേശ് സർക്കാർ രണ്ട് പുസ്തകങ്ങൾക്ക് നിരോധം ഏർപ്പെടുത്തി. 'കാർലൈൽ, ദ ഹീറോ ആന്റ് പോയറ്റ്', 'കെ.കെ ഡൈജസ്റ്റ് ഇംഗ്ലീഷ് ലിറ്ററേച്ചർ പ്രോസ്' എന്നീ ടെക്സ്റ്റ് പുസ്തകങ്ങളിലാണ് പ്രവാചകനെ സ്കോട്ടിഷ് സാഹിത്യകാരനായ തോമസ് കാർലൈലുമായി താരതമ്യപ്പെടുത്തിയത്.

പുസ്തകത്തിലെ പരാമർശങ്ങൾ മുസ്‌ലിം വികാരം വ്രണപ്പെടുത്തിയതായി നിരീക്ഷിച്ച സർക്കാർ

ഡി.ജി.പിയോടും നിയമവകുപ്പിനോടും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇരു റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് പുസ്തകങ്ങൾ നിരോധിച്ചു സർക്കാർ ഉത്തരവിറക്കിയത്.

## എസ്.ഐ.ഒ നേതാക്കൾ കേന്ദ്രമന്ത്രിമാരെ കണ്ടു

**എസ്.ഐ.ഒ** കേന്ദ്ര സംഘം കേന്ദ്രമന്ത്രിമാരെ സന്ദർശിച്ച് വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു. ദേശീയ സെക്രട്ടറിമാരായ ഷാനവാസ് അലി റൈഹാൻ, മുഹമ്മദ് ബിലാൽ എന്നിവർ ഉൾപ്പെട്ട സംഘം കേന്ദ്ര ടൂറിസം സഹമന്ത്രി സുൽത്താൻ അഹ്മദിനെ സന്ദർശിച്ച് മുസ്‌ലിം പൈതൃക കേന്ദ്രങ്ങൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. സർക്കാറിനു കീഴിലുള്ള ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം ട്രാവൽ മാനേജ്മെന്റ് കോഴ്സുകളിൽ ന്യൂനപക്ഷ വിദ്യാർഥികൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകണമെന്നും അവർ ആവശ്യപ്പെട്ടു.

വിവര-സംപ്രേഷണവകുപ്പ് സഹമന്ത്രി സി.എം ജാടുവയെ സന്ദർശിച്ച നേതാക്കൾ അശ്ലീല വെബ്സൈറ്റുകൾക്ക് നിരോധം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടു.

ജാമിഅ മില്ലിയ ഇസ്‌ലാമിയക്ക് ന്യൂനപക്ഷ പദവി അനുവദിക്കണമെന്ന ആവശ്യവുമായി കേന്ദ്ര മന്ത്രി ഗുലാം നബി ആസാദ്, കോൺഗ്രസ് നേതാവ് മുഹ്സിന കിദ്വായി, മുൻമന്ത്രി മണിശങ്കർ അയ്യർ എന്നിവരെയും സന്ദർശിച്ചു.

## ലീഗൽ ആക്ടിവിസ്റ്റുകളുടെ സംഘാടനത്തിന് എ.പി.സി.ആർ

**പൗര-മനുഷ്യാവകാശ** പ്രവർത്തകരുടെയും ലീഗൽ ആക്ടിവിസ്റ്റുകളുടെയും ദേശീയ സംഘടന ഉടൻ രൂപവത്കരിക്കുമെന്ന് അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് (എ.പി.സി.ആർ) നേതാക്കൾ പ്രഖ്യാപിച്ചു. ദൽഹിയിൽ നടന്ന ചാപ്റ്റർ കൺവീനർമാരുടെയും സംസ്ഥാന ഭാരവാഹികളുടെയും ത്രിദിന ശിൽപശാലയിലാണ് ഇതുസംബന്ധിച്ച ചർച്ചകൾ നടന്നത്.

ക്രിമിനൽ നിയമ നടപടിക്രമങ്ങളെക്കുറിച്ച് അജ്ഞരായ സാധാരണക്കാർക്ക് നിയമസഹായം നൽകാനും അവരെ ചൂഷണ മുക്തരാക്കാനുമാണ് ഇത്തരമൊരു സംഘടന രൂപവൽക്കരിക്കുന്നത്.

2006ൽ നിലവിൽവന്ന എ.പി.സി.ആറിനു കീഴിൽ വിവിധ സംസ്ഥാനങ്ങളിലായി ലീഗൽ ആക്ടിവിസത്തിൽ പരിശീലനങ്ങൾ നടന്നുവരുന്നുണ്ട്.

അഡ്വ. യൂസുഫ് മുച്ചാല, ഡോ. ഷക്കീൽ അഹ്മദ്, പ്രഫ. കെ.എ സിദ്ദീഖ് ഹസൻ എന്നിവർ ശിൽപശാലക്ക് നേതൃത്വം നൽകി.

**അബ്ബാദ്**